# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6771** **13/07/2012 ൽ മറുപടിക്ക്**

**ക്യാൻസർ രോഗനിർണ്ണയം വൈകുന്നതുമൂലം മരണനിരക്കിലുള്ള വർദ്ധന**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. കെ. എം. ഷാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ക്യാൻസർ രോഗനിർണ്ണയം വൈകുന്നതു മൂലം മരണനിരക്ക വർദ്ധിക്കുന്ന സാഹചര്യമൊഴിവാക്കാൻ എന്തൊക്കെ മുൻ കരുതൽ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററും തലശ്ശേരി മലബാർ കാൻസർ സെന്ററും പ്രാരംഭഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകളും രോഗനിർണ്ണയ ക്യാമ്പുകളും വിവിധ ജില്ലകളിൽ നടത്തിവരുന്നു. ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും പ്രത്യേക പരിശീലനങ്ങളും ആർ.സി.സി നടത്തിവരുന്നു. കൂടാതെ രോഗം പ്രാരംഭഘട്ടത്തിൽ നിർണ്ണയിക്കുന്നതിനുള്ള അത്യാധുനിക ഉപകരണങ്ങളും ആർ. സി. സി.യിലും, എം. സി.സി. യിലുമുണ്ട്. ആരോഗ്യവകുപ്പ് 2011-12 എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നിരവധി കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുകയുണ്ടായി. |
| (ബി) | നിലവിലുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ ഏതൊക്കെയാണെന്നും, എവിടെയെല്ലാമാണ് അവ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ബയോപ്സി, പാപ്സ്മിയർ , സ്കാനിംഗ്, എക്സ്റേ, അനുബന്ധ രക്ത പരിശോധനകൾ, മാമോഗ്രാഫി എന്നീ പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജുകളിലും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും നിലവിൽ ലഭ്യമാണ്. ആരോഗ്യവകപ്പിന്റെ കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിലും കൊല്ലം കാൻസർ കെയർ സൊസൈറ്റിയിലും, പാലക്കാട് ജില്ലാ ആശുപത്രിയിലും പരിമിതമായ രീതിയിൽ കാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. |
| (സി) | രോഗനിർണ്ണയം സംബന്ധിച്ച എല്ലാ സർക്കാർ ഡോക്ടർ മാർക്കും ആവശ്യമായ പരിശീലനം നല്കുകയും, എല്ലാ ജില്ലാ/താലൂക്ക് ആശുപത്രി കളിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുമോ? | (സി) | ആരോഗ്യവകുപ്പ് എല്ലാ ജില്ലയിലെയും ഒരു ഡോക്ടറെ കാൻസർ ചികിത്സയ്ക്കുവേണ്ടി പരിശീലിപ്പിക്കുവാൻ എൻ.സി.ഡി (നോൺ കമ്മ്യൂണിക്കബിൾ ഡിസീസ്) പദ്ധതിയുടെ കീഴിൽ റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുമായി ധാരണയിലെത്തുകയും ആഗസ്റ്റ് മാസത്തോടെ പരിശീലനം ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ പരിശീലിപ്പിക്കുന്ന ഡോക്ടർമാരെ അതാത് ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ സെന്ററുകളിൽ നിയമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ